**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2208** **11-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | നടപ്പുവർഷത്തെ നെല്ല് സംഭരണം ഊർജിതമാക്കുന്നതിന് നെല്ല് സംഭരണത്തിൽ വലിയ പ്രാതിനിധ്യമുള്ള പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് നെല്ല് സംഭരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2021-22 സീസണിൽ ഇതുവരെ 48 മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കുട്ടനാട്ടിലെ നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനായി ആലപ്പുഴ ജില്ലയിലേയ്ക്ക് 3 പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലേയ്ക്ക് 9 പ്രൊക്യുർമെൻറ് അസിസ്റ്റൻറുമാരെയും നിയമിക്കുവാനുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ 2021-22 സീസണിലെ നെല്ല് സംഭരണത്തിനായുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ നടപടികൾ 16.08.2021 തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. നെല്ല് നെല്ല് സംഭരണം കഴിഞ്ഞാൽ കാലതാമസം കൂടാതെ പണം കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഭരണം കഴിഞ്ഞാലുടൻ കർഷകർക്ക് മില്ലുകൾ മുഖേന പാഡി രസീത് ഷീറ്റുകൾ നൽകുകയും പി.ആർ.എസ് വായ്പ പദ്ധതി പ്രകാരം സപ്ലൈക്കോയുമായി കരാറിലേർപ്പെട്ടിട്ടുള്ള ബാങ്കുകൾ മുഖേന നെല്ലിന്റെ വില ഇ.പി.ആർ.എസ് പ്രകാരം അക്കൗണ്ടിൽ നൽകുകയും ചെയ്യുന്നു. |
| (ബി) | നെല്ല് സംഭരണം കഴിഞ്ഞാൽ കാലതാമസം കൂടാതെ പണം കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (ബി) | നെല്ല് സംഭരണം കഴിഞ്ഞാൽ കാലതാമസം കൂടാതെ പണം കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഭരണം കഴിഞ്ഞാലുടൻ കർഷകർക്ക് മില്ലുകൾ മുഖേന പാഡി രസീത് ഷീറ്റുകൾ നൽകുകയും പി.ആർ.എസ് വായ്പ |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരം സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള ബാങ്കുകൾ മുഖേന നെല്ലിന്റെ വില ഇ.പി.ആർ.എസ് പ്രകാരം അക്കൗണ്ടിൽ നൽകുകയും ചെയ്യുന്നു. |
| (സി) | നെല്ല് സംഭരണത്തിലെ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | സംഭരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പാടത്ത് കൊയ്ത്ത് ആരംഭിച്ചാൽ ഉടൻതന്നെ നെല്ല് സംഭരിക്കുന്നതിനുള്ള മില്ലുകൾ അനുവദിച്ച്, സംഭരണത്തിന് തയ്യാറായ നെല്ല് പരിശോധിച്ച് തൊട്ടടുത്ത ദിവസം തന്നെ സംഭരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ